ഉത്തരം

(എ) 14

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

ചന്ദനവും ചന്ദനതൈലവും മോഷണം സംബന്ധിച്ചുള്ള അന്വേഷണം

120 (1919) ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാരിന്റെ സ്ട്രോംഗ് റൂമുകളിൽ നിന്ന് ചന്ദനതൈലം എത്രപ്രാവശ്യം മോഷണം പോയിട്ടുണ്ട് ;

(ബി) പ്രസ്തുത മോഷണങ്ങൾ എവിടെയെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) ആയത് സംബന്ധിച്ച് പോലീസ് നടത്തുന്ന അന്വേഷണം തൃപ്തികരമാണോ ;

(ഡി) ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് അന്വേഷണത്തിന് മറ്റേതെങ്കിലും ഏജൻസിയെ ഏൽപ്പിക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) ഒരു പ്രാവശ്യം

(ബി) ഒലവക്കോട് സ്ട്രോംഗ് റൂമിൽ

(സി) തൃപ്തികരമല്ല.

(ഡി) അന്വേഷണച്ചുമതല സി. ബി. ഐ.-യെ ഏല്പിക്കാൻ തീരുമാനിച്ചു.

മറയൂരിൽ ചന്ദന ഫാക്ടറി സ്ഥാപിക്കുവാൻ നടപടി

121 (1920) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചന്ദനത്തടി കള്ളക്കടത്ത് വർദ്ധിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ചന്ദനകള്ളക്കടത്ത് തടയുന്നതിനായി മറയൂരിൽ ചന്ദനഫാക്ടറി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഇതിനായി വനം സംരക്ഷണ സമിതികളുടെ സേവനം ഉപയോഗപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) സ്വകാര്യ ഭൂമിയിൽ വളരുന്ന ചന്ദന മരം വിൽക്കുന്നതിൽ നിലവിലുള്ള കർശന നിയന്ത്രണങ്ങൾ ചന്ദനം കള്ളക്കടത്ത് വർദ്ധിപ്പിക്കുവാൻ കാരണമാണെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇത് പരിഹരിക്കുന്നതിനായി സ്വകാര്യഭൂമിയിൽ വളരുന്ന ചന്ദനമരങ്ങൾ മുറിച്ചു വിൽക്കുന്നതിന് നിലവിലുള്ള നിയന്ത്രണങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) ഉണ്ടെങ്കിൽ എന്തൊക്കെ മാറ്റങ്ങളാണ് വരുത്തുവാൻ ഉദ്ദേശിക്കുന്നതെന്നു വെളിപ്പെടുത്തുമോ ;

(എച്ച്) മറയൂരിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ചന്ദന ഫാക്ടറികളുടെ നിയന്ത്രണം ആർക്കാണെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സർക്കാർ തലത്തിൽ സ്ഥാപിക്കാൻ ഉദ്ദേശമില്ല. എന്നാൽ മറയൂർ ഭാഗത്തെ വന സംരക്ഷണ സമിതികളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വനം വകുപ്പും സംയുക്തമായി ഒരു ട്രസ്റ്റിന്റെ കീഴിൽ ഒരു ചെറുകിട ചന്ദനഫാക്ടറി തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ദിവസം 10-15 കിലോ ചന്ദനം ആവശ്യമാണ്. ഇതിൽ നിന്നു ലഭിക്കുന്ന വരുമാനത്തിന്റെ 50% ചന്ദനമേഖലയുടെ പരിചരണത്തിനും സംരക്ഷണത്തിനും മാത്രമായി നീക്കി വയ്ക്കുവാൻ ഉദ്ദേശിക്കുന്നു. ട്രസ്റ്റിന്റെ നടത്തിപ്പിൽ രണ്ടു ഗ്രാമ പഞ്ചായത്തിന്റെ പ്രസിഡന്റുമാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വി. എസ്. എസ് പ്രസിഡന്റുമാർ എന്നിവർ പ്രാദേശിക ജനങ്ങളെ പ്രതിനിധീകരിച്ചും, മൂന്നാർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, മൂന്നാർ വൈൽഡ്ലൈഫ് വാർഡൻ, മറയൂർ റെയ്ഞ്ച് ആഫീസർ, ചിന്നാർ അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ എന്നിവർ വനം വകുപ്പിന്റെ പക്ഷത്തുനിന്നും പ്രദേശത്തെ തഹസിൽദാർ, വില്ലേജ് ആഫീസർ എന്നിവർ റവന്യൂ വകുപ്പിൽ നിന്നും ഉൾപ്പെടാവുന്നതാണ്. ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ഡി) ഉണ്ട്. നിലവിലുള്ള വനസംരക്ഷണ സമിതികളേയും പുതുതായി മറയൂർ ചന്ദനമേഖലയിൽ ഉണ്ടാക്കുവാൻ ഉദ്ദേശിക്കുന്ന വന സംരക്ഷണ സമിതികളേയും മുഴുവനായും പ്രതിനിധീകരിക്കുന്ന ഒരു സംവിധാനമാണ്. മറയൂർ ഭാഗത്തെ വനസംരക്ഷണ സമിതികളും, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും വനം വകുപ്പും സംയുക്തമായ ട്രസ്റ്റുവഴി ഉദ്ദേശിക്കുന്നത്.

(ഇ) ഇല്ല.

(എഫ്&ജി) കേരളത്തിൽ ചന്ദനം മുറിക്കൽ, വാങ്ങൽ, കൈവശം വയ്ക്കൽ, സംസ്ക്കരണം, വിപണനം തുടങ്ങിയ കാര്യങ്ങളിൽ സ്വകാര്യ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും അധികാരം പരിമിതപ്പെടുത്തി സർക്കാർ നിയന്ത്രണത്തിലാക്കുന്നതിനുള്ള ഒരു നിയമ നിർമ്മാണം പരിഗണനയിലാണ്. സർക്കാർ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഫാക്ടറിയുടെ നിയന്ത്രണം വന സംരക്ഷണ സമിതികളുടേയും സർക്കാർ വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തമുള്ള ഒരു ട്രസ്റ്റിന് നൽകാനാണ് പരിഗണനയിലുള്ള പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ചന്ദനത്തൈല ഫാക്ടറികൾക്കു ലഭിക്കുന്ന ചന്ദനമരം

122 (1921) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര ചന്ദനത്തൈല ഫാക്ടറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ;

(ബി) ഇത്തരം ചന്ദനത്തൈല ഫാക്ടറികൾക്ക് ചന്ദനമരം ലഭ്യമാക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുമോ ;

(സി) സർക്കാർ അധീനതയിലുള്ള ചന്ദനമരങ്ങൾ ലേലം ചെയ്ത് ഇത്തരം ഫാക്ടറികൾക്കു നൽകാറുണ്ടോ ;

(ഡി) ഇങ്ങനെ നൽകുന്നില്ലെങ്കിൽ ഇത്തരം ഫാക്ടറികൾക്ക് ചന്ദനമരം ലഭിക്കുന്നതെങ്ങനെയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചന്ദന ഫാക്ടറികൾക്ക് വനം വകുപ്പ് ലൈസൻസ് നൽകിയിട്ടില്ല.

(ബി-ഡി) കേരളത്തിലെ വനങ്ങളിൽ നിന്നും ചന്ദന ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ ചന്ദനം പൂർണ്ണമായും ലഭിക്കുന്നില്ല. സർക്കാർ അധീനതയിലുള്ള മറയൂർ ഡിപ്പോയിൽനിന്നും പൊതുലേലത്തിൽ വിൽക്കുന്ന ചന്ദനം ഫാക്ടറികൾക്കു ലേലം കൊള്ളാവുന്നതാണ്. ഇതോടൊപ്പം അയൽ സംസ്ഥാനത്ത് നിന്നും ലഭിക്കുന്ന ചന്ദനത്തടികളും ഇത്തരം ഫാക്ടറികൾ ഉപയോഗിച്ചു വരുന്നുണ്ടെന്നു മനസ്സിലാക്കുന്നു.

കേരളത്തിലെ ചന്ദനമരങ്ങൾ

123 (1922) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ എത്ര ചന്ദനമരങ്ങൾ നിലവിലുണ്ട് ; ഈ കണക്കെടുപ്പ് നടത്തുന്നത് എന്നാണ് ; അവസാനമായി കണക്കെടുപ്പ് നടത്തിയത് എന്നായിരുന്നു ; അന്നത്തെ കണക്ക് പ്രകാരം എത്ര മരങ്ങൾ ഉണ്ടായിരുന്നു ;

(ബി) അനധികൃത ചന്ദനഫാക്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്നതിന് പിന്നിൽ പ്രബലരായ രാഷ്ട്രീയശക്തികളുടെ സ്വാധീനമുണ്ടെന്ന വസ്തുത അംഗീകരിക്കുമോ ; എങ്കിൽ ആയത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly